പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.699 29/01/2019 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകരുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.മുരളീധരൻ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാവുകയും അതുമൂലം വരുമാനത്തിൽ ഇടിവുണ്ടാവുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഭക്തരുടെ കുറവ് കാരണം വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 99,24,51,695/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | യുവതി പ്രവേശം സംബന്ധിച്ച സുപ്രീം കോടതി വിധിക്ക് ശേഷം ഇക്കാര്യത്തിൽ സർക്കാർ കാണിച്ച അനാവശ്യ ധൃതിയും ശബരിമലയിൽ പ്രഖ്യാപിച്ച നിരോധനാജ്ഞയും ഭക്തരെ നിലയ്ക്കലിൽ നിയന്ത്രിച്ചതും ശബരിമലയിലെത്തുന്നതിൽ നിന്നും ഭക്തരെ പിന്തിരിപ്പിച്ചതായി കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | യുവതി പ്രവേശം സംബന്ധിച്ച സുപ്രീം കോടതി വിധിക്ക് ശേഷം ചില സംഘടനകൾ നടത്തിയ സമരങ്ങളും ഹർത്താലുകളുമാണ് ശബരിമലയിലേയ്ക്ക് ഭക്തരുടെ വരവ് കുറച്ചത്. പ്രതിഷേധക്കാരെ മാറ്റി നിർത്താനും യഥാർത്ഥ ഭക്തർക്ക് സുരക്ഷ ഒരുക്കുന്നതിനും വേണ്ടിയാണ് ശബരിമലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചതും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും. ഇത് ശബരിമലയിലെത്തിയ എല്ലാ അയ്യപ്പ ഭക്തർക്കും സുഗമമായ ദർശനം ലഭിക്കുന്നതിന് കാരണമായി. |
| (സി) | തീർത്ഥാടകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുവാൻ ദേവസ്വം ബോർഡ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗുരുസ്വാമിമാരുടെ യോഗം വിളിച്ച് ചേർത്തിരുന്നോ; | (സി) | അനൗദ്യോഗികമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശബരിമലയിലെ വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് തിരുവിതാംകൂർ ദേവസ്വത്തിന്റെ മറ്റ് ക്ഷേത്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കുറവ് നികത്തുവാൻ സർക്കാർ പ്രത്യേക സഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വരുമാനക്കുറവ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ വികസനപ്രവർത്തനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ